REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 20-10-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- 2036 ഓടെ ഇന്ത്യയെ കായികരംഗത്തെ മികച്ച പത്ത് രാജ്യങ്ങളിൽ ഒന്നാക്കാനാണ് കേന്ദ്രഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് യുവജന കാര്യ - കായിക മന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ
- സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പു രംഗത്തെ സ്ഥാനാർത്ഥി ചിത്രം വ്യക്തമായതോടെ പ്രചാരണപ്രവർത്തനങ്ങൾക്ക് ചൂടുപിടിച്ചു.
- മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവ് VS അച്യുതാനന്ദന് ഇന്ന് 101-ാം പിറന്നാൾ.
- നിരൂപകനും പ്രഭാഷകനും സാംസ്കാരിക പ്രവർത്തകനുമായ ബാലചന്ദ്രൻ വടക്കേടത്തിന്റെ സംസ്കാരം തൃപ്രയാറിലെ വീട്ടുവളപ്പിൽ നടത്തി.
- ബംഗളൂരു ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലാൻഡിന് വിജയം.

## വാർത്തകൾ വിശദമായി

2036 ഓടെ ഇന്ത്യയെ കായികരംഗത്തെ മികച്ച പത്ത് രാജ്യങ്ങളിൽ ഒന്നാക്കാനാണ് കേന്ദ്രഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് യുവജന കാര്യ - കായിക മന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. ഇതിന് ചിട്ടയായ ആസൂത്രണ മാർഗ്ഗം ഗവൺമെന്റ് വികസിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് സായ് - യുടെ നവീകരിച്ച ഗോൾഫ് കോഴ്സ് കവടിയാറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ

രാജ്യത്തെ പൗരന്മാർ ആരോഗ്യവാന്മാരായിരിക്കണമെന്നും ഡോ. മാണ്ഡവ്യ അഭിപ്രായപ്പെട്ടു.

2036 ൽ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കണമെങ്കിൽ രാജ്യത്തെ കായികമേഖലയിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കണം. മികച്ച കായികപ്രതിഭകളെ കണ്ടെത്തുകയും മികച്ച കളിസ്ഥലങ്ങൾ വികസിപ്പിച്ചെടുക്കുകയും വേണമെന്ന് മൻസൂഖ് മാണ്ഡവ്യ നിർദ്ദേശിച്ചു.

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഉദ്ഘാടനശേഷം ഡോ. മാണ്ഡവ്യ ഗോൾഫ് കോഴ്സ് സന്ദർശിക്കുകയും അല്പനേരം ഗോൾഫ് കളിക്കുകയും ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകഴിഞ്ഞ് വാരണാസിയിൽ 6,100 കോടിയിൽ പരം രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിക്കും. കാശിയിൽ R J ശങ്കര കണ്ണാശുപത്രി ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം വാരാണാസിയിലെ സിഗ്ര സ്റ്റേഡിയത്തിൽ ഒട്ടേറെ വികസനപദ്ധതികൾക്ക് തുടക്കമിടുകയും പൂർത്തീകരിച്ച പദ്ധതികൾ നാടിന് സമർപ്പിക്കുകയും ചെയ്യും.

✪✪✪

ഛത്തീസ്ഗഢിലെ അംബികാപൂരിലെ മാ മഹാമായ വിമാനത്താവളം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യും. സുർഗുജ ഗോത്ര മേഖലയിൽ സ്ഥിതി ചെയ്യുന്ന മാ മഹാമായ വിമാനത്താവളം പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യം നിറവേറ്റാൻ പ്രയോജനപ്രദമാണ്.

✪✪✪

ഇന്ന് ലോക സ്ഥിതിവിവരക്കണക്ക് ദിനം. സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിലും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും സ്ഥിതിവിവരക്കണക്കിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി അഞ്ച് വർഷത്തിലൊരിക്കലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.UN പൊതുസഭ അംഗീകരിച്ച പ്രമേയത്തെ തുടർന്ന് 2010 ഒക്ടോബർ 20-നാണ് ആദ്യമായി ലോക സ്ഥിതിവിവരക്കണക്ക് ദിനം ആചരിച്ചത്.

✪✪✪

ന്യൂഡൽഹിയിൽ തുടരുന്ന ലോക ടെലികമ്മ്യൂണിക്കേഷൻ സ്റ്റാൻന്റഡൈസേഷൻ അസംബ്ലിയിൽ ഇന്ത്യക്ക് പത്ത് പഠന

ഗ്രൂപ്പുകളുടെ നേതൃസ്ഥാനം ലഭിച്ചു. ഇതിൽ ഒരു ഗ്രൂപ്പിന്റെ അധ്യക്ഷ സ്ഥാനവും ഒമ്പത് ഗ്രൂപ്പുകളുടെ സഹാധ്യക്ഷ സ്ഥാനവും ഉൾപ്പെടുന്നതായി ടെലി കമ്മ്യൂണിക്കേഷൻസ് മന്ത്രാലയം അറിയിച്ചു. 2022 ൽ ഇന്ത്യക്ക് ഏഴ് സ്ഥാനങ്ങളാണ് ലഭിച്ചിരുന്നത്. ഈ മാസം 24 വരെ അസംബ്ലി തുടരും.

✪✪✪

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പു രംഗത്തെ സ്ഥാനാർത്ഥി ചിത്രം വ്യക്തമായതോടെ പ്രചാരണപ്രവർത്തനങ്ങൾക്ക് ചൂടുപിടിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലുമാണ് ഉപതെരഞ്ഞെടുപ്പ്. LDF ഉം UDF ഉം നേരത്തെ തന്നെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ചെറിയതോതിൽ പ്രചാരണം തുടങ്ങിയിരുന്നു. NDA ഇന്നലെയാണ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്.

✪✪✪

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പിനെ രാഷ്ട്രീയ പോരാട്ടമായാണ് കാണുന്നതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ പറഞ്ഞു. തൃശൂരിൽ എന്തു സംഭവിച്ചു എന്നതിനെക്കുറിച്ച് ഇപ്പോൾ ചർച്ച ചെയ്യേണ്ടതില്ലെന്നും, തിരഞ്ഞെടുപ്പ് ഫലം വന്ന ശേഷം തൃശൂരിലെയും ആലത്തൂരിലെയും തോൽവികളെക്കുറിച്ച് ചർച്ച ചെയ്യുമെന്നും മുരളീധരൻ തൃശൂരിൽ വ്യക്തമാക്കി.

✪✪✪

രാജ്യത്ത് വർഗീയ വിഭജനവും അപരവൽക്കരണവും വൻതോതിൽ വർധിച്ചു വരികയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ വണ്ടൂരിൽ പറഞ്ഞു. വയനാട് UDF ലോക്സഭാ സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് പ്രചാരണാർഥം പുളിയക്കോട് സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീശൻ.

✪✪✪

പാലക്കാടിന്റെ വികസനത്തിന് മാസ്റ്റർ പ്ലാനുമായി മുന്നോട്ടു പോകുമെന്നും NDA സ്ഥാനാർഥിക്കു വേണ്ടി പ്രവർത്തിക്കുമെന്നും മെട്രോമാൻ E.ശ്രീധരൻ പറഞ്ഞു. പാലക്കാട്ട് സ്ഥാനാർഥിയുമായി കൂടിക്കാഴ്ച നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ശ്രീധരൻ.

✪✪✪

കണ്ണൂരിൽ ആത്മഹത്യ ചെയ്ത ADM നവീൻ ബാബുവിന്റെ കുടുംബത്തിനൊപ്പമാണ് പാർട്ടിയെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട നിയമനടപടികളെ പാർട്ടി പൂർണമായി പിന്തുണയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പത്തനംതിട്ട മലയാലപ്പുഴയിൽ നവീൻബാബുവിന്റെ വീട് സന്ദർശിച്ചശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവീൻ ബാബുവിന്റെ മരണത്തിലേക്ക് നയിച്ചവർക്കെതിരെ നടപടി വേണമെന്ന് അദ്ദേഹത്തിന്റെ കുടുംബം ആവശ്യപ്പെട്ടതായി MV ഗോവിന്ദൻ അറിയിച്ചു.

✪✪✪

മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവ് VS അച്യുതാനന്ദന് ഇന്ന് 101-ാം പിറന്നാൾ. തിരവനന്തപുരം ബാൾട്ടൺ ഹില്ലിലെ വീട്ടിൽ ഇപ്പോൾ പൂർണവിശ്രമത്തിലാണ് V.S. മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, CPIM സംസ്ഥാന സെക്രട്ടറി, പൊളിറ്റ്ബ്യൂറോ അംഗം, LDF കൺവീനർ എന്നിങ്ങനെ നിരവധി പദവികൾ VS വഹിച്ചിട്ടുണ്ട് .

ഗോവ ഗവർണ്ണർ P.S ശ്രീധരൻപിള്ള അദ്ദേഹത്തിന് പിറന്നാൾ ആശംസ നേർന്നു. പ്രസ്ഥാനത്തിനപ്പുറം പൊതു സമൂഹത്തിന്റെ വക്താവായി പ്രവർത്തിച്ച വ്യക്തിയായിരുന്നു V.S അച്യുതാനന്ദനെന്ന് ശ്രീധരൻപിള്ള തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

CPIM ആദ്യ സംസ്ഥാന സെക്രട്ടറിയായിരുന്ന CH കണാരന്റെ 52-ാം ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തലശ്ശേരിയിൽ വൈകിട്ടാണ് പൊതുസമ്മേളനം.

✪✪✪

'എന്റെ ഭൂമി' സംയോജിത പോർട്ടലിന്റെ സംസ്ഥാന തല ഉദ്ഘാടനം ചൊവ്വാഴ്ച നടത്തുമെന്ന് മന്ത്രി K രാജൻ സമൂഹമാധ്യമത്തിൽ അറിയിച്ചു. ഭൂസേവനങ്ങൾ സങ്കീർണ്ണതകളില്ലാതെ സമഗ്രതയിലേക്ക് എന്ന ആശയമാണ് പോർട്ടൽ ലക്ഷ്യമിടുന്നത്.

✪✪✪

‘എന്റെ ഭൂമി’ സംയോജിത പോർട്ടലിന്റെ സംസ്ഥാന തല ഉദ്ഘാടനം ചൊവ്വാഴ്ച നടത്തുമെന്ന് മന്ത്രി K രാജൻ സമൂഹമാധ്യമത്തിൽ അറിയിച്ചു. ഭൂസേവനങ്ങൾ സങ്കീർണ്ണതകളില്ലാതെ സമഗ്രതയിലേക്ക് എന്ന ആശയമാണ് പോർട്ടൽ ലക്ഷ്യമിടുന്നത്.

✪✪✪

കാസർകോട് ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് സമുച്ചയം മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ഗവൺമെന്റിന്റെ നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് സമുച്ചയം നിർമ്മിച്ചത്. ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ MP അധ്യക്ഷത വഹിച്ചു.

✪✪✪

ബംഗളുരു ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ന്യൂസിലാന്റിന് വിജയം. എട്ട് വിക്കറ്റിനാണ് അവർ ആതിഥേയരെ പരാജയപ്പെടുത്തിയത്.

അഞ്ചാം ദിവസമായ ഇന്ന് 107 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സ് ആരംഭിച്ച ന്യൂസിലാൻഡ് രണ്ട് വിക്കറ്റ് നഷ്ടത്തിൽ 110 റൺസെടുത്തു.

✪✪✪

വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ന്യൂസീലാൻഡ് ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 7.30 ന് ദുബായ് രാജ്യാന്തര സ്റ്റേഡിയത്തിലാണ് മത്സരം.

കഴിഞ്ഞ വർഷം ട്വന്റി-20 ലോകകപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയയോട് പരാജയപ്പെട്ടിരുന്നു.

✪✪✪

സ്വിസ് ഓപ്പൺ ടെന്നീസിലെ യോഗ്യതാ റൗണ്ടിൽ ഇന്ത്യയുടെ സുമിത് നാഗൽ, അർജന്റീനിയൻ താരത്തെ തോൽപ്പിച്ചു. രണ്ടാം ക്വാളിഫയറിൽ ഓസ്ട്രേലിയയുടെ ജെയിംസ് ഡക്-വർത്തിനെ സുമിത് നേരിടും. സ്വിറ്റ്സർലാൻഡിലെ ബേസലിൽ വൈകിട്ടാണ് മത്സരം.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായിക മേളക്ക് നാളെ മെഡിക്കൽ കൊളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ തുടക്കമാവും.

അത്-ലറ്റിക്സ് മത്സരങ്ങൾ 23 വരെ സ്റ്റേഡിയത്തിൽ തുടരും. 3500 ലേറെ വിദ്യാർത്ഥകൾ പങ്കെടുക്കും.

✪✪✪

കണ്ണൂർ റവന്യൂ ജില്ല സ്കൂൾ കായികമേള നാളെ തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. നാളെ രാവിലെ നിയമസഭാ സ്പീക്കർ A.N ഷംസീർ മൂന്നു ദിവസത്തെ മേള ഔപചാരികമായി ഉദ്ഘാടനം ചെയ്യും.

15 ഉപജില്ലകളിൽ നിന്ന് 2,500 അധികം മത്സരാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് FC, മുഹമ്മദൻസ് SCയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

ഇന്നലെ മുംബൈ സിറ്റി FC, FC ഗോവയെയും, മോഹൻ ബഗാൻ സൂപ്പർജയന്റ്, ഈസ്റ്റ്ബംഗാളിനെയും പരാജയപ്പെടുത്തി. മുംബൈ, ഗോവയെ ഒന്നിനെതിരെ 2 ഗോളിനും മോഹൻ ബഗാൻ, ഈസ്റ്റ് ബംഗാളിനെ എതിരില്ലാത്ത രണ്ട് ഗോളിനുമാണ് തോൽപ്പിച്ചത്.

✪✪✪

നിരൂപകനും പ്രഭാഷകനും സാംസ്കാരിക പ്രവർത്തകനുമായ ബാലചന്ദ്രൻ വടക്കേടത്തിന്റെ ഭൗതികശരീരം തൃപ്രയാറിലെ വീട്ടുവളപ്പിൽ സംസ്കരിച്ചു. നൂറുകണക്കിനാളുകൾ രാവിലെ അദ്ദേഹത്തിന്റെ വസതിയിലെത്തി അന്ത്യാഞ്ജലിയർപ്പിച്ചു. ഇന്നലെ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ മൃതദേഹം പൊതുദർശനത്തിനു വച്ചപ്പോൾ സ്നേഹാഞ്ജലി അർപ്പിക്കാൻ ഒട്ടേറേപ്പേർ എത്തിയിരുന്നു.

✪✪✪

നെല്ല് സംഭരണം നടത്തുമ്പോൾ ചാക്കിൽ 50 കിലോ നെല്ല് മാത്രമേ നിറയ്ക്കാവൂ എന്ന നിർദ്ദേശം സപ്ലൈക്കോ പിൻവലിച്ചു. മന്ത്രി G.R അനിൽ സപ്ലൈക്കോ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.........(വോയ്സ്)..............

✪✪✪

**കണ്ണൂർ ഗവൺമെന്റ് സ്പോർട്സ് ഹോസ്റ്റലിലേക്ക് കൃത്യമായ ലൈസൻസ് മാനദണ്ഡങ്ങൾ പാലിക്കുന്നവരിൽ നിന്നു മാത്രം ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർദേശം നൽകി.**

**ഹോസ്റ്റലിലെ കുട്ടികൾക്ക് ശാരീരിക പ്രശ്നങ്ങൾ ഉണ്ടായതിനെ തുടർന്ന് വിളിച്ച യോഗത്തിലാണ് മന്ത്രിയുടെ നിർദേശം.**

✪✪✪

**ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തിന് മുന്നോടിയായി വള്ളക്കടവ് ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ ഇന്നലെ സുരക്ഷാ അവലോകന യോഗം നടത്തി.**

**കുമളി, കട്ടപ്പന, കമ്പംമെട്ട്, വണ്ടിപ്പെരിയാർ, പാഞ്ചാലിമേട്, പീരുമേട്, സത്രം, പുല്ലുമേട് കാനനപാത, അഴുതക്കടവ്, ചെറിയാനവട്ടം, കാനനപാത എന്നിവിടങ്ങളിലെ മുന്നൊരുക്കങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, ട്രാഫിക്ക് നിയന്ത്രണങ്ങൾ എന്നിവ അവലോകന യോഗത്തിൽ ചർച്ച ചെയ്തു.**

✪✪✪